**വരൾച്ചാ മുന്നൊരുക്കം - 20/02/2026ന് വൈകീട്ട് 4.00 മണിക്ക്ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ നടപടിക്രമം**

യോഗനടപടികൾ

യോഗം വൈകീട്ട് 4.00 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വേനൽക്കാല വരൾച്ചയും അപകടങ്ങളും നേരിടാൻ ബന്ധപ്പെട്ട വകുപ്പുകളും തദ്ദേശസ്ഥാപനങ്ങളും ആവശ്യമായ മുന്നൊരുക്കവും മുൻകരുതൽ നടപടികളും സ്വീകരിക്കണമെന്ന് യോഗ അദ്ധ്യക്ഷനായ ജില്ലാ കലക്ടർ നിർദേശിച്ചു. നിലവിൽ തീപിടുത്ത അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ തീപിടിത്ത മുൻകരുതലിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ഫയർ ഓഡിറ്റിങ് അടിയന്തിരമായി പൂർത്തിയാക്കാൻ നിർദേശം നൽകി. ആശുപത്രി കെട്ടിടങ്ങളുടെ ഫയർ ഓഡിറ്റിങ്ങിന് മുൻഗണന നൽകണം. കുടിവെള്ളക്ഷാമ സാധ്യതയുള്ള പ്രദേശങ്ങൾ മുൻകൂട്ടി കണ്ടെത്തി സ.ഉ (സാധാ) നം. 340/2026/LSGD ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ കുടിവെള്ള വിതരണം ഉറപ്പുവരുത്തണമെന്നും കലക്ടർ നിർദേശിച്ചു.

ജില്ലാതല വേനൽക്കാല മുന്നൊരുക്ക പദ്ധതി ജില്ലാ ഹാസർഡ് അനലിസ്റ്റ് അവതരിപ്പിച്ചു. ബന്ധപ്പെട്ട വകുപ്പുകൾ പദ്ധതി പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് താഴെതട്ടിലുള്ള ഓഫീസുകൾക്ക് കർശന നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

തീരുമാനങ്ങൾ

1. കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഡിസ്ട്രിബ്യൂട്ടറി കനാലായ പുറമേരി ഡിസ്ട്രിബ്യൂട്ടറിയുടെ ആദ്യ ഭാഗത്തുള്ള അപകടാവസ്ഥയിലുള്ള അക്വഡറ്റ് സ്പാൻ പ്രദേശവാസികളുടെ സംരക്ഷണം കണക്കിലെടുത്തും ദുരന്ത സമാന സാഹചര്യമായി പരിഗണിച്ച് അടിയന്തിരമായി പൊളിച്ചുമാറ്റുന്നതിനായി G.O (rt) 351/2025/DMD dated 26/05/2025 പ്രകാരം അടിന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ച ജില്ലാ കളക്ടറുടെ വിവേചനാധികാര ഫണ്ടിൽ നിന്നും 25,00,000/- രൂപ അനുവദിച്ചത് യോഗം അംഗീകരിച്ചു.

2. കോഴിക്കോട് സിറ്റി, ഡി എച്ച് ക്യൂ കോമ്പൗണ്ടിൽ പോലീസ് കാന്റീൻ കെട്ടിടത്തിനു മുകളിലേക്ക് അപകടാവസ്ഥയിൽ ചാഞ്ഞുനിന്നിരുന്ന മരം കാറ്റിലും മഴയിലും പെട്ട് ഏതു നിമിഷവും കാന്റീൻ കെട്ടിടത്തിനു മുകളിലേക്ക് മറിഞ്ഞുവീണ് അപകടം സംഭവിക്കാം എന്നുള്ള അവസ്ഥയിൽടി. ടി. മരം മുറിച്ചുമാറ്റിയ നടപടി യോഗം സാധൂകരിച്ചു.

3. ബഹു. ജില്ലാ കളക്ടറുടെ വസതിയോട് ചേർന്ന് അപകടാവസ്ഥയിലുണ്ടായിരുന്ന മരം അടിയന്തിരാവസ്ഥ കണക്കിലെടുത്ത് ദുരന്തനിവാരണ വിഭാഗത്തിൽ നേരിട്ട് ക്വട്ടേഷൻ സ്വീകരിച്ച് മുറിച്ചുമാറ്റിയതിന് ചിലവായ തുകയായ 15,000/- രൂപ Flood other items എന്ന ശിർഷകത്തിൽ നിന്നും അനുവദിച്ച നടപടി യോഗം സാധൂകരിച്ചു.

4. കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് ജോലിക്കാർ, ആശാവർക്കർമാർ, ഹരിതകർമ്മസേനാംഗങ്ങൾ എന്നിവർക്ക് വേനൽക്കാല ദുരന്ത ലഘൂകരണ പരിശീലന പരിപാടികൾ നടത്തുന്നതിന് യോഗം അംഗീകാരം നൽകി.

ജില്ലാ കളക്ടർ

"This document is electronically approved in eOffice by SNEHIL KUMAR SINGH I A S on 10-03-2026. Hence it does not require signature in ink"

Digitally signed by
SNEHIL KUMAR SINGH
Date: 10-03-2026
17:16:19